# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4619** 13/11/2019-ൽ മറുപടിയ്ക്ക്

**കലാമിറ്റി റിലീഫ് തുക വിതരണം വേഗത്തിലാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. വിൻസെന്റ് :** | ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് നൽകുന്ന കലാമിറ്റി റിലീഫ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്, കേരള ചുമട്ട് തൊഴിലാളി ക്ഷേമബോർഡ് അൺഅറ്റാച്ഡ് വിഭാഗം തൊഴിലാളികൾക്ക് 31/01/2018 പ്രാബല്യത്തിൽ 10000 രൂപയിൽ നിന്ന് 20000 രൂപയായി കലാമിറ്റി റിലീഫ് തുക വർദ്ധിപ്പിച്ചിട്ടുണ്ട് . പ്രകൃതി ദുരന്തം മൂലം വാസസ്ഥലത്തിന് നഷ്ടം സംഭവിച്ചാൽ ശരാശരി മാസവേതനത്തിന്റെ 3 ഇരട്ടിയോ വില്ലേജ് ഓഫീസർ തയ്യാറാക്കിയ നാശനഷ്ടത്തിന്റെ തുകയോ 20,000/- രൂപയോ ഏതാണോ കുറവ്, ആ തുക ആശ്വാസ ധനസഹായമായി നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയത് ലഭിക്കേണ്ട അർഹതാ മാനദണ്ഡം .3 വർഷത്തെ സേവനദൈർഘ്യവും, 1 വർഷം 160 ദിവസത്തെ ഹാജരും, ജനറൽ വെൽഫയർ ഫണ്ട് മുടക്കം കൂടാതെ അടച്ചിരിക്കുകയും വേണം എന്നതാണ്. |
| (ബി) ഈ പദ്ധതി പ്രകാരം 31.10.2019 വരെ വർദ്ധിപ്പിച്ച തുക എത്ര പേർക്ക് വിതരണം ചെയ്തു; ഇനി എത്ര പേർക്ക് തുക നൽകുവാനുണ്ട്; അറിയിക്കുമോ; | (ബി) 2018 ലെ മഹാ പ്രളയത്തിന്റെ ഗൗരവം കണക്കിലെടുത്ത് മേൽ വ്യവസ്ഥകൾ നോക്കാതെ വീടിനകത്ത് വെള്ളം കയറി എന്നുള്ള വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ആകെ ലഭിച്ച 986 അപേക്ഷയിൽ 983 പേർക്ക് 10,000/- രൂപ വീതവും 2 പേർക്ക് 20,000/- രൂപ വീതവും ഒരാൾക്ക് 17,300/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. ആകെ ലഭിച്ച 986 അപേക്ഷയിൽ മൊത്തം 98,87,300/- രൂപ വിതരണം പൂർത്തിയാക്കിയിട്ടുള്ളതാണ്. |

| | |
|---|---|
| (സി) ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കി അപേക്ഷിച്ച എല്ലാവർക്കും വർദ്ധിപ്പിച്ച തുക അടിയന്തരമായി അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി കലാമിറ്റി റിലീഫ് തുക വിതരണത്തിൽ കാലതാമസമുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ